പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1455 — 21.03.2012-ൽ മറുപടിയ്ക്ക്

## മറയൂർ ഗ്രാമപഞ്ചായത്തിൽ എൻ.ആർ.ഇ.ജി.എ. പദ്ധതിയിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| എ. മറയൂർ ഗ്രാമപഞ്ചായത്തിൽ എൻ.ആർ.ഇ.ജി.എ. പദ്ധതിയിൽ ക്രമക്കേടുകൾ നടന്നുവെന്നു കണ്ടെത്തിയ 9326/എൻ.ആർ.ഇ.ജി.സെൽ/3/10.സി.ആർ.ജി. നമ്പർ റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ. ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി. പ്രസ്തുതറിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി. & സി. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാൻ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററായ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. 10-ാം വാർഡ് കുടുംബശ്രീ എ.ഡി.എസ്. സെക്രട്ടറിയായിരുന്ന ശ്രീമതി.മിനി കാശിയെ താക്കീത് ചെയ്ത് 02-02-2011-ൽ നോട്ടീസ് നൽകി.<br>2. ആരോപണ വിധേയരായ മേറ്റുമാരായ ശ്രീമതി ലതാ മഹാദേവൻ,ശ്രീമതി. ചേച്ചിയമ്മ എന്നിവരെ മേറ്റിന്റെ ചുമതലയിൽ നിന്ന് ഒഴിവാക്കുവാൻ മറയൂർ ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. മെമ്പർ സെക്രട്ടറിയ്ക്ക് 02-02-2011-ൽ നിർദ്ദേശം നൽകി.<br>3. ശ്രീ. ബാലകൃഷ്ണൻ കൈപ്പറ്റിയ തുകയായ 5,250/-രൂപയും ശ്രീ.അയ്യാദുരൈ കൈപ്പറ്റിയ 1,750/- രൂപയും പഞ്ചായത്താഫീസിൽ തിരിച്ചടയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഇവർ രണ്ടു പേർക്കും 02-02-2011-ൽ രജിസ്ട്രേഡ് നോട്ടീസ് അയച്ചു. |
| സി. ശ്രീ.അയ്യാദുരൈ, ശ്രീ.ബാലകൃഷ്ണൻ എന്നിവർക്കെതിരെയും, ഉദ്യോഗസ്ഥർക്കെതിരെയും ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | |
| ഡി. അനധികൃതമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയിട്ടുണ്ടോ; കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ അതിനുത്തരവാദികളായവർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ? | ഡി. അനധികൃതമായി കൈപ്പറ്റിയ തുക ഇതുവരെ മേൽസൂചിപ്പിച്ചവർ തിരിച്ചടച്ചിട്ടില്ല. നിർദ്ദിഷ്ട തുക ഇതുവരെ ഈടാക്കുവാൻ കഴിയാതിരുന്ന സംഗതിയിൽ ആയത് അടിയന്തിരമായി നിയമപ്രകാരമുള്ള നടപടികളെടുത്ത് ഈടാക്കുവാൻ മറയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.